LIBRARY ARCHIVES Kerala Legislative Assembly

ഇറച്ചിക്കോഴിയുടെ വില നിയന്ത്രണം

278 (2998) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ ഇറച്ചിക്കോഴിയുടെ വില ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വിപണിയിൽ ഇടപെട്ട് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

'കേരള ചിക്കൻ' പദ്ധതി നടപ്പിലാക്കുന്നതുവഴി ഇറച്ചിക്കോഴി വളർത്തൽ മേഖലയിൽ സർക്കാർ ശക്തമായി ഇടപെടുകയും കർഷകർക്ക് നല്ല വരുമാനമാർഗ്ഗവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയിൽ ഉറപ്പാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെയും കോഴിയിറച്ചിയുടെയും വില നിയന്ത്രിക്കുന്നതിന് സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരവും കോൺട്രാക്ട് ഫാമിംഗിലൂടെയും ഇറച്ചിക്കോഴികളുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുകയാണ് കെപ്കോ ചെയ്യുന്നത്. കെപ്കോയുടെ അധീനതയിലുള്ള തിരുവനന്തപുരം കടപ്പനക്കുന്നിലെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ കോൺട്രാക്ട് യൂണിറ്റുകൾക്കും ആവശ്യക്കാരായ മറ്റ് കർഷകർക്കും മിതമായ നിരക്കിൽ നൽകി 40-45 ദിവസംവരെ പ്രായമാകുമ്പോൾ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാന്റിൽ പ്രോസ്സസ് ചെയ്ത് കോഴിയിറച്ചിയാക്കി കെപ്കോയുടെ വിപണന ഏജൻസികൾ മുഖാന്തരം ഉപഭോക്താക്കൾക്ക് നൽകുന്നു. പൊതുകമ്പോളത്തിൽ കോഴിയിറച്ചി കിലോയ്ക്ക് 240-250 രൂപ വിലയ്ക്ക് വിൽക്കുമ്പോൾ കെപ്കോ കോഴിയിറച്ചി കിലോയ്ക്ക് 200 രൂപയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. കുടുംബശ്രീ യൂണിറ്റുകളിലൂടെയും കോൺട്രാക്ട് ഫാമിംഗ് സംസ്ഥാനത്ത് വ്യാപകമാക്കിയും ഉത്പാദനം വർദ്ധിപ്പിച്ചും ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാനുള്ള ശ്രമവും കെപ്കോ നടത്തിവരുന്നുണ്ട്.

(സി) ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്കുമോ?

'കുടുംബശ്രീ'-യെ ഉൾപ്പെടുത്തി ഗ്രാമീണമേഖലയിലുള്ള കോഴിയിറച്ചി മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് 'കേരള ചിക്കൻ പദ്ധതി' സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതിപ്രകാരം കുടുംബശ്രീക്ക് 1600 ബ്രോയിലർ ഫാമുകൾക്ക് പരമാവധി 50,000 രൂപ വീതവും 240 വിപണന കേന്ദ്രങ്ങൾക്ക് 25,000 രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ സർക്കാർ സ്ഥാപനമായ കെ.എസ്.പി.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള ബ്രോയിലർ ബ്രീഡർ ഫാമിൽ ഉത്പാദിപ്പിക്കുന്ന വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്യുന്നു. കോഴികൾക്ക് 45 ദിവസത്തെ വളർച്ചയെത്തുമ്പോൾ ന്യായമായ വില നൽകി കെപ്കോതന്നെ തിരിച്ചെടുക്കുകയും ചെയ്യുന്നു. ഇരുപത്തിയേഴ് കുടുംബശ്രീ യൂണിറ്റുകൾ ഇപ്രകാരം കെപ്കോ-കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ പദ്ധതിപ്രകാരം കോഴി വളർത്തൽ നടത്തുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഒരു ലക്ഷത്തി പതിനായിരത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

സഞ്ചരിക്കുന്ന മൃഗാശുപത്രികൾ

279 (2999) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന മൃഗാശുപത്രികൾ ഏതെല്ലാം തരത്തിലുള്ള സേവനങ്ങളാണ് ഇപ്പോൾ കർഷകർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

വകുപ്പിനുകീഴിൽ കൊല്ലം ജില്ലയിൽ ഒരു മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കർഷകർക്ക് വീട്ടുപടിക്കൽ ചികിത്സ നൽകുന്നതിനായി ആവശ്യമായ മരുന്നുകളും ultra sound scanner, mobile X-ray unit, Animal Lifting device എന്നീ സൗകര്യങ്ങളും ഈ യൂണിറ്റിലുണ്ട്. രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. ഇതിനായി 2 വെറ്ററിനറി സർജൻമാർ, 2 ഡ്രൈവർമാർ, 2 അറ്റൻറന്റ്മാർ, ഒരു X-Ray technician എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തോടുചേർന്ന് മൊബൈൽ മൃഗാശുപത്രികൾ

LIBRARY ARCHIVES Kerala Legislative Assembly